14
2022
ജനുവരി
വെള്ളി
ധനു ൩൦

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 221 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-221 പേജ് 4. വില 2.00 രൂപ

02 കെഎസ്ആർടിസി ശമ്പളക്കരാറിൽ ഒപ്പ് വെച്ചു
03 സിൽവർലൈൻ വിശദീകരണ യോഗത്തിൽ സംശയങ്ങളുടെ ചോദ്യക്കെട്ടഴിച്ചു
04 സിനിമ: ചിരിമാലയുമായി 'തിരിമാലി'

# സ്കൂളുകളിലെ നിയന്ത്രണം: തീരുമാനം ഇന്ന്



തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ്, ഒമിക്രോൺ വ്യാപനം വൻതോതിൽ ഉയരുന്ന പശ്ചാത്തലത്തിൽ സ്കൂളുകളിൽ കൂടുതൽ നിയന്ത്രണങ്ങൾ നടപ്പാക്കണമോ എന്ന കാര്യത്തിൽ ഇന്ന് തീരുമാനമുണ്ടാകും.

പത്തനംതിട്ടയിലെ സ്വകാര്യ നഴ്സിംഗ് കോളജ് ഒമിക്രോൺ ക്ലസ്റ്ററും തിരുവനന്തപുരത്ത് ഒരു ഫാർമസി കോളജിലും ഒരു എൻജിനിയറിംഗ് കോളജിലും നിരവധി വിദ്യാർഥികൾ കോവിഡ് ബാധിതരായതിനെത്തുടർന്ന് ഇരു കോളജുകളിലും കോവിഡ് ക്ലസ്റ്ററും രൂപപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകളിലെ നിയന്ത്രണങ്ങൾ എങ്ങനെ വേണമെന്ന കാര്യത്തിൽ ഇന്നുച്ചകഴിഞ്ഞ് വിദഗ്ധർ ഉൾപ്പെടുന്ന കോവിഡ് അവലോകന യോഗത്തിൽ തീരുമാനിക്കും.

കോവിഡ് വ്യാപനം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. ഒന്നാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെയുള്ള പഠനം മുൻകാലത്തെപ്പോലെ ഓൺലൈൻ ആക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇന്നത്തെ അവലോകന യോഗത്തിൽ വിദഗ്ധരുടെ അഭിപ്രായത്തിൻറെ അടിസ്ഥാനത്തിൽ കൈക്കൊണ്ടേക്കും.

സംസ്ഥാനത്ത് 59 പേർക്കു കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു. ആലപ്പുഴ 12, തൃശൂർ 10, പത്തനംതിട്ട എട്ട്, എറണാകുളം ഏഴ്, കൊല്ലം ആറ്, മലപ്പുറം ആറ്, കോഴിക്കോട് അഞ്ച്, പാലക്കാട് രണ്ട്, കാസർഗോഡ് രണ്ട്, കണ്ണൂർ ഒന്ന് എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതോടെ സംസ്ഥാനത്ത് ഒമിക്രോൺ ബാധിച്ചവരുടെ എണ്ണം 480 ആയി.

### 13,468 പേർക്കു കോവിഡ്; ടിപിആർ 20.16%

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 13,468 പേർക്കു കോവിഡ് സ്ഥിരീകരിച്ചു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20.16 ശതമാനത്തിലേക്കു കുതിച്ചുയർന്നു. 66,796 സാന്പിളുകളാണു പരിശോധിച്ചത്.

ഇന്നലെ 21 മരണം സ്ഥിരീകരിച്ചു. ഇതുകൂടാതെ 96 മുൻ മരണങ്ങൾ കോവിഡ് പട്ടികയിൽ ഉൾപ്പെടുത്തി. ഇതോടെ ആകെ മരണം 50,369 ആയി. 3,252 പേർ ഇന്നലെ രോഗമുക്തി നേടി. 64,529 പേരാണ് നിലവിൽ ചികിത്സയിൽ കഴിയുന്നത്.

രോഗം സ്ഥിരീകരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക്: തിരുവനന്തപുരം 3,404, എറണാകുളം 2,394, കോഴിക്കോട് 1,274, തൃശൂർ 1,067, കോട്ടയം 913, കണ്ണൂർ 683, കൊല്ലം 678, മലപ്പുറം 589, ആലപ്പുഴ 586, പത്തനംതിട്ട 581, പാലക്കാട് 553, ഇടുക്കി 316, വയനാട് 244, കാസർഗോഡ് 186.



# ദിലീപിൻെറ വീട്ടിലും കമ്പനിയിലും ക്രൈംബ്രാഞ്ച് റെയ്ഡ്

കൊച്ചി/ആലുവ: നടൻ ദിലീപിൻറെ ആലുവയിലെ പത്മസരോവരം വീട്ടിലും എറണാകുളം വൈഎംസിഎ ജംഗ്ഷനിലുള്ള അദ്ദേഹത്തിൻറെ ഗ്രാൻഡ് പ്രൊഡക്ഷൻ കമ്പനിയിലും സഹോദരൻ അനൂപിൻറെ പറവൂർ കവലയിലെ വസതിയിലും ക്രൈംബ്രാഞ്ച് റെയ്ഡ് നടത്തി. ക്രൈംബ്രാഞ്ച് എസ്.പി. മോഹനചന്ദ്രൻറെ നേതൃത്വത്തിലുള്ള 20 അംഗ സംഘം മൂന്ന് സംഘങ്ങളായി തിരിഞ്ഞ് മൂന്നിടത്തും ഒരേ സമയത്തായിരുന്നു റെയ്ഡ്. ഏഴു മണിക്കൂറോളം റെയ്ഡ് നീണ്ടു.

ദിലീപിൻറെ മൊബൈൽ ഫോണടക്കം നാല് ഫോണുകൾ, രണ്ട് ഐപാഡ്, രണ്ട് പെൻഡ്രൈവ്, ഒരു ഹാർഡ് ഡിസ്ക് എന്നിവ പിടിച്ചെടുത്തു. നടിയെ ആക്രമിച്ച കേസ് അന്വേഷിക്കുന്ന ഉദ്യോസ്ഥരെ അപായപ്പെടുത്താൻ പ്രതിയായ ദിലീപ് ഗൂഢാലോചന നടത്തിയെന്ന് സംവിധായകൻ ബാലചന്ദ്രകുമാർ നേരത്തേ വെളിപ്പെടുത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ നടക്കുന്ന അന്വേഷണത്തിൻറെ ഭാഗമായിട്ടായിരുന്നു റെയ്ഡ്. വെളിപ്പെടുത്തലിനെത്തുടർന്ന് ദിലീപ് നല്കിയ മുൻകൂർ ജാമ്യാപേക്ഷ ഇന്നു കോടതി പരിഗണിക്കാനിരിക്കെയാണ് മിന്നൽ റെയ്ഡ് നടത്തിയത്.

ഇന്നലെ രാവിലെ 11.30 ഓടെയാണ് മൂന്നിടത്തും ക്രൈംബ്രാഞ്ച് സംഘം എത്തിയത്. ആലുവയിലെ വീട്ടിൽ അന്വേഷണ സംഘം കയറിയത് നാടകീയമായാണ്. ആലുവ പാലസിനടുത്തുള്ള വീട്ടിലെത്തിയ അന്വേഷണ സംഘത്തിലെ ഒരുദ്യോഗസ്ഥൻ ഗേറ്റ് ചാടിക്കടന്ന് ആദ്യം വീട്ടിൽ പ്രവേശിച്ചു. പിന്നീട് ദിലീപിൻറെ സഹോദരിയെത്തി ഗേറ്റ് തുറന്ന് മറ്റുള്ളവരെ അകത്ത് പ്രവേശിപ്പിക്കുകയായിരുന്നു. പരിശോധന ആരംഭിക്കുമ്പോൾ ദിലീപ് വീട്ടിലുണ്ടായിരുന്നില്ല. ഉച്ചകഴിഞ്ഞ് രണ്ടരയോടെ സ്വയം വാഹനമോടിച്ച് ദിലീപ് വീട്ടിലെത്തി.

ദിലീപിൻറെ പ്രൊഡക്ഷൻ കമ്പനി ഓഫീസിലെത്തിയപ്പോൾ അത് അടച്ചിട്ട നിലയിലായിരുന്നു. പിന്നീട് ജീവനക്കാരെ വിളിച്ചുവരുത്തി ഓഫീസ് തുറപ്പിച്ച ശേഷമാണ് പരിശോധന ആരംഭിച്ചത്. ദിലീപിൻറെ വീട്ടിലെ പരിശോധന വൈകുന്നേരം 6.50 വരെ നീണ്ടു. പിന്നെയും വൈകിയാണ് മറ്റ് രണ്ടിടങ്ങളിലെയും റെയ്ഡ് പൂർത്തിയായത്.

ദിലീപ് ഗൂഢാലോചന നടത്തിയത് ആലുവയിലെ വീട്ടിൽവച്ചാണെന്നാണ് ബാലചന്ദ്രകുമാർ വെളിപ്പെടുത്തിയിരുന്നത്. അന്വേഷണ ഉദ്യോഗസ്ഥരെ വകവരുത്താനും സാക്ഷികളെ സ്വാധീനിക്കാനും ദിലീപും കൂട്ടാളികളും ശ്രമിച്ചതിൻറെ തെളിവായി 20 ഓളം ഡിജിറ്റൽ തെളിവുകൾ ക്രൈംബ്രാഞ്ചിന് നൽകിയിട്ടുണ്ടെന്നും ദിലീപിൻറെ കൈവശം തോക്ക് ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്തിയിരുന്നു. വീട്ടിൽ തോക്കിനായി തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായിട്ടില്ല. തോക്ക് കൈവശം വയ്ക്കാനുള്ള ലൈസൻസ് ദിലീപിന് ഇല്ലായിരുന്നുവെന്ന് ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്.

ദിലീപിൻറെ അറസ്റ്റ് ഉടനുണ്ടാകുമോയെന്ന് പറയാനാകില്ലെന്ന് എഡിജിപി എസ്. ശ്രീജിത്ത് ശബരിമലയിൽ പറഞ്ഞു. കോടതിയുടെ അനുമതിയോടെയാണ് റെയ്ഡ് നടത്തിയതെന്നും എഡിജിപി പറഞ്ഞു.

### കുടുക്കാൻ ചിലർ ശ്രമിക്കുന്നു: ദിലീപ്

ആലുവ: സിനിമയിൽ താൻ വീണ്ടും സജീവമായപ്പോൾ ചിലർ കുടുക്കാൻ ഇറങ്ങിയിരിക്കുകയാണെന്ന് നടൻ ദിലീപ്. ഈശ്വരവിശ്വാസിയായ തന്നെ ദൈവം രക്ഷിക്കുമെന്നും ദിലീപ് പറഞ്ഞു. ഇന്നലെ വീട്ടിൽ നടന്ന ക്രൈംബ്രാഞ്ച് പരിശോധനയ്ക്കുശേഷം റെയ്ഡിന് സാക്ഷിയായെത്തിയ വാർഡ് കൗൺസിലർ കെ. ജയകുമാറിനോടായിരുന്നു ദിലീപിൻറെ പ്രതികരണം.

# ബിക്കാനീർ എക്സ്പ്രസ് അപകടം; ഏഴുപേർ മരിച്ചു, 45 പേർക്ക് പരിക്ക്



കോൽക്കത്ത: പശ്ചിമബംഗാളിൽ ബിക്കാനീർ ഗോഹട്ടി എക്സ്പ്രസ് ട്രെയിൻ പാളം തെറ്റിയുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. 45 പേർക്ക് പരിക്കേറ്റു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അപകടസ്ഥലം ഇന്ന് രാവിലെ സന്ദർശിക്കും.

അപകടത്തിൽപ്പെട്ട 10 പേരുടെ ആരോഗ്യനില അതീവഗുരുതരാവസ്ഥയിലാണെന്നാണ് റിപ്പോർട്ട്. പരിക്കേറ്റവരിൽ 24 പേരെ ജൽപയ്ഗുരി ജില്ലാ ആശുപത്രിയിലും 16പേരെ മൊയ്നാഗുരി സർക്കാർ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

അപകടത്തിൽ ഗുരുതര പരിക്കേറ്റവരെ നോർത്ത് ബംഗാളിലെ സിലിഗുരിയിലുള്ള മെഡിക്കൽ കോളജിലേക്കു മാറ്റും. ട്രെയിനിലെ കോച്ചുകൾക്കുള്ളിൽ നിരവധി യാത്രക്കാർ കുടുങ്ങി കിടക്കുന്നതായാണ് വിവരം. ഇവരെ രക്ഷിക്കാനുള്ള ശ്രമം പുരോഗമിക്കുകയാണ്.

വ്യാഴാഴ്ച വൈകുന്നേരം അഞ്ചിന് ബംഗാളിലെ ജൽപായ്ഗുരി ജില്ലയിലെ മൈനാഗുരിക്ക് സമീപമാണ് ട്രെയിൻ പാളം തെറ്റിയത്. 10 ബോഗികളാണ് പാളം തെറ്റിയതെന്ന് വടക്കുകിഴക്കൻ റെയിൽവെ പിആർഒ ഗുനീത് കൗർ പറഞ്ഞു.

രാജസ്ഥാനിലെ ബിക്കാനീറിൽ നിന്ന് പാറ്റ്ന വഴി അസമിലെ ഗോഹട്ടിയിലേക്ക് പോവുകയായിരുന്ന ട്രെയിനാണ് അപകടത്തിൽപ്പെട്ടത്. പാളം തെറ്റിയ ബോഗി കൾ ഒന്നിനു മുകളിലൊന്നായി കിടക്കുന്നത് അവിടെനിന്നുള്ള ദൃശ്യങ്ങളിൽ കാണാം. നാട്ടുകാരാണ് ആദ്യം രക്ഷാപ്രവർത്തിന് എത്തിയത്. റെയിൽവെ പോ ലീസും ദേശീയ ദുരന്ത നിവരാണ സേനയും സ്ഥലത്തെത്തിയിരുന്നു.

മരിച്ചവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം റെയിൽവെ പ്രഖ്യാപിച്ചു. ഗുരുതര പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും നിസാര പരിക്കുകൾ ഉള്ളവർക്ക് 25,000 രൂപയും ധനസഹായം നൽകും. സംഭവത്തിൽ അ ന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്.

### ആറു ജില്ലകൾക്ക് ഇന്ന് അവധി, പരീക്ഷകൾ മാറ്റി

തിരുവനന്തപുരം: തൈപ്പൊങ്കൽ പ്രമാണിച്ചു തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനത്തെ ആറു ജില്ലകൾക്ക് ഇന്ന് അവധി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലാണ് അവധി.

സർക്കാർ കലണ്ടർ അനുസരിച്ചു നാളെ അവധി നൽകാനാണു തീരുമാനിച്ചിരുന്നത്. ഇത് ഇന്നത്തേക്കു മാറ്റണമെന്നു തമിഴ് പ്രൊട്ടക്ഷൻ കൗൺസിൽ അപേക്ഷിച്ചിരുന്നു. തുടർന്ന് കേന്ദ്ര,തമിഴ്നാട് സർക്കാരുകളുടെ കലണ്ടറിലെ അവധിയുമായി സമന്വയിപ്പിച്ചാണു മാറ്റം വരുത്തിയത്. പകരം ഈ ജില്ലകളിൽ നാളെ പ്രവൃത്തി ദിവസം ആയിരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

കേരള, എംജി സർവകലാശാലകൾ ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും എപിജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല ഇന്നു നടത്താൻ നിശ്ചയിച്ചിരിക്കുന്ന എസ് 5 എംസിഎ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് നനനനനഅറിയിക്കും.




# ഇന്ത്യ പുറത്താകലിൽ പുതുചരിത്രം സൃഷ്ടിച്ചു

കേപ്ഡൗൺ: ദക്ഷിണാഫ്രിക്കയ്ക്കെതിരായ മൂന്നാം ടെസ്റ്റിൽ ഇന്ത്യ പുറത്താകലിൽ പുതുചരിത്രം സൃഷ്ടിച്ചു. രണ്ട് ഇന്നിങ്സിലും ഇന്ത്യയുടെ മുഴുവൻ ബാറ്റർമാരും ക്യാച്ച് നൽകി പുറത്തായതോടെയാണ് അപൂർവ റിക്കാർഡ് പിറന്നത്. ഒരു ടെസ്റ്റിൻറെ രണ്ട് ഇന്നിങ്സിലുമായി ഒരു ടീമിൻറെ 20 വിക്കറ്റുകളും ക്യാച്ചിലൂടെ നഷ്ടമാകുന്ന ആദ്യ മത്സരമായിരുന്നു ഇത്.

ഇതിനിടെ, വ്യക്തിഗത സ്കോർ 91ൽ എത്തിയപ്പോൾ ദക്ഷിണാഫ്രിക്കൻ മണ്ണിൽ ടെസ്റ്റിൽ ഏഷ്യക്കാരായ സ്ഥിരം വിക്കറ്റ് കീപ്പർമാരുടെ ഉയർന്ന സ്കോർ പന്തിൻറെ പേരിലായി. 2010 11ൽ സെഞ്ചൂറിയനിൽ 90 റൺസടിച്ച മഹേന്ദ്രസിംഗ് ധോണിയുടെ റിക്കാർഡ് പിന്നിലായി. കുമാർ സംഗക്കാര (89, സെഞ്ചൂറിയൻ), ലിട്ടൺ ദാസ് (ബ്ലൂംഫൊണ്ടെയ്ൻ) എന്നിവരും പിന്നിലായി.

# 112 തീരദേശ റോഡുകൾ നാടിനു സമർപ്പിച്ചു



കൊച്ചി: തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി പത്തു ജില്ലകളിലെ 36 നിയോജക മണ്ഡലങ്ങളിലായി ഹാർബർ എൻജിനിയറിംഗ് വകുപ്പ് നിർമിച്ച 112 തീരദേശ റോഡുകൾ നാടിനു സമർപ്പിച്ചു. ഫിഷറീസ് മന്ത്രി സജി ചെറിയാൻ ഇന്നലെ ഓൺലൈനായാണ് ഉദ്ഘാടനം നിർവഹിച്ചത്.

ആകെ 62.7 കിലോമീറ്റർ നീളം വരുന്ന റോഡുകളുടെ നിർമാണച്ചെലവ് 44.40 കോടി രൂപയാണ്.

ഓഖി, പ്രളയം, ചുഴലിക്കാറ്റ്, കോവിഡ് മഹാമാരി എന്നിവ കാരണം ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന തീരദേശ ജനതയുടെ സമഗ്ര വികസനത്തിനും ഉന്നതിക്കുമായി ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികളും ഇടപെടലുകളുമാണ് സർക്കാർ നടത്തി വരുന്നതെന്ന് മന്ത്രി പറഞ്ഞു.

# കെഎസ്ആർടിസി ശമ്പളക്കരാറിൽ ഒപ്പ് വെച്ചു

## ജനുവരിയിലെ ശമ്പളം മുതൽ ആനുകൂല്യങ്ങൾ ലഭിക്കും

കെ. എസ്.ആർ. ടി. സി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുന്ന ശമ്പളക്കരാർ ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ സാന്നിധ്യത്തിൽ സി. എം. ഡി ബിജു പ്രഭാകറും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളും ഒപ്പുവച്ചു. സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള കമ്മീഷൻ സ്കെയിലാണ് മാസ്റ്റർ സ്കെയിലായി നിശ്ചയിച്ചിരിക്കുന്നത്.

പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ 4 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 1,200 രൂപയും പരമാവധി 5,000 രൂപയും പ്രതിമാസ വീട്ടുവാടക അലവൻസ് നൽകും. ഫിറ്റ്മെന്റ് സർക്കാരിൽ നിശ്ചയിച്ചതുപോലെ 10 ശതമാനമാണ്. ഡി. സി. ആർ. ജി ഏഴു ലക്ഷത്തിൽ നിന്ന് പത്തു ലക്ഷം രൂപയായി വർധിപ്പിക്കും. 2021 ജൂൺ ഒന്നു മുതൽ പുതിയ സ്കെയിലിന് പ്രാബല്യം കണക്കാക്കും.

പ്രതിമാസം 20 ഡ്യൂട്ടി എങ്കിലും ചെയ്യുന്ന ഡ്രൈവർക്ക് ഒരു ഡ്യൂട്ടിക്ക് 50 രൂപ വീതവും 20ൽ അധികം ചെയ്യുന്ന ഓരോ ഡ്യൂട്ടിക്കും 100 രൂപ വീതവും കണക്കാക്കി ശമ്പളത്തോടൊപ്പം അധിക ബത്തയായി അനുവദിക്കും. വനിതാ ജീവനക്കാർക്ക് നിലവിലെ പ്രസവാവധിക്ക് (180 ദിവസം) പുറമേ ഒരു വർഷക്കാലത്തേക്ക് ശൂന്യവേതന അവധി അനുവദിക്കും. ഈ അവധി കാലയളവ് പ്രൊമോഷൻ, ഇൻക്രിമെന്റ്, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കും. ഈ അവധി വിനിയോഗിക്കുന്നവർക്ക് പ്രതിമാസം 5,000 രൂപ ചൈൽഡ് കെയർ അലവൻസ് ആയി നൽകും. എല്ലാ വിഭാഗം ജീവനക്കാർക്കും, ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി പ്രൊമോഷൻ അനുവദിക്കും.

നാല് ദേശീയ അവധികളും, പതിനൊന്ന് സംസ്ഥാന അവധികളും ഉൾപ്പെടെ ആകെ പതിനഞ്ച് അവധികളാണുണ്ടാവുക. ഒരു ജീവനക്കാരന് നൽകാവുന്ന നിയന്ത്രിത അവധി നാലായി ഉയർത്തുകയും പ്രാദേശിക അവധി ഒന്നായി നിജപ്പെടുത്തുകയും ചെയ്യും.

വെൽഫെയർ ഫണ്ട് ജീവനക്കാരുടെ പങ്കാളിത്തത്തോടെ കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് വെൽഫെയർ ഫണ്ട് ട്രസ്റ്റ് രൂപീകരിക്കും. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഗതാഗത വകുപ്പിൽ നിന്നും, ധനകാര്യ വകുപ്പിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ, അംഗീകൃത തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി എന്നിവർ ചേർന്നതായിരിക്കും ട്രസ്റ്റ്. ട്രസ്റ്റിന്റെ ചെയർമാൻ കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും, ട്രഷറർ ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസറും ആയിരിക്കും. ട്രസ്റ്റിലേക്ക് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസ വിഹിതം ഈടാക്കും. എല്ലാ വിഭാഗം ഹയർ ഡിവിഷൻ ഓഫീസർമാരും പ്രതിമാസം 300 രൂപയും എല്ലാ വിഭാഗം സൂപ്പർവൈസറി ജീവനക്കാരും പ്രതിമാസം 200 രൂപയും മറ്റുള്ള എല്ലാ വിഭാഗം ജീവനക്കാരും പ്രതിമാസം 100 രൂപയും വിഹിതം നൽകണം. കോർപ്പറേഷൻ, വെൽഫെയർ ഫണ്ടിലേക്ക് നിക്ഷേപിക്കുന്ന മൂലധനത്തിനുപുറമെ മൂന്ന് കോടി രൂപ വാർഷിക ഫണ്ടായി ട്രസ്റ്റിൽ നിക്ഷേപിക്കും. ഫണ്ടിൽ നിന്ന് സാമ്പത്തിക ആനുകൂല്യം കൈപ്പറ്റാത്ത ജീവനക്കാർ വിരമിക്കുമ്പോഴോ മരണപ്പെടുകയോ ചെയ്താൽ ആകെ അടച്ച തുകയുടെ പകുതി പലിശ രഹിതമായി തിരികെ നൽകും.

45 വയസ്സിന് മുകളിൽ താൽപര്യമുള്ള കണ്ടക്ടർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് 50 ശതമാനം ശമ്പളത്തോടെ ഒരു വർഷം മുതൽ അഞ്ച് വർഷം വരെ അവധി അനുവദിക്കും. ഡ്രൈവർകംകണ്ടക്ടർ എന്ന പുതിയ കേഡർ സൃഷ്ടിക്കും. നിലവിലെ അഡ്മിനിസ്ട്രേഷൻ സംവിധാനം വിഭജിച്ച് അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നീ വിഭാഗങ്ങൾ രൂപീകരിക്കും. മെക്കാനിക്കൽ വിഭാഗം പുനഃസംഘടിപ്പിക്കും. മൂന്ന് വിഭാഗം ജീവനക്കാരുടെയും സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനിക്കും. അപേക്ഷകൾ പരിശോധിച്ച് പമ്പ് ഓപ്പറേറ്റർ, ഡ്രൈവർ, ഡ്രൈവർകം കണ്ടക്ടർ എന്നീ തസ്തികകളിൽ ഘട്ടംഘട്ടമായി ആശ്രിത നിയമനം നൽകും.

എംപാനൽഡ് ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കുന്നതിനായി മൂന്നംഗ ഉദ്യോഗസ്ഥ കമ്മറ്റിയെ ചുമതലപ്പെടുത്തും. ധനകാര്യ വകുപ്പും, സഹകരണ വകുപ്പുമായി കൂടിയോലോചിച്ച് സമയബന്ധിതമായി പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കും. ഒരു വർഷം 190 ഫിസിക്കൽ ഡ്യൂട്ടികൾ ചെയ്യാത്ത ജീവനക്കാർക്ക് അടുത്ത പ്രമോഷൻ, ഇൻക്രിമെന്റ് എന്നിവ നൽകുവാൻ കഴിയില്ല. പെൻഷൻ കണക്കാക്കുന്നതിനും ഇത് ബാധകമായിരിക്കും. എന്നാൽ അർബുദ ചികിത്സ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ, ഡയാലിസിസ്, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ ഗുരുതര സ്വഭാവമുള്ള അസുഖബാധിതർ, അപകടങ്ങൾ മൂലം അംഗഭംഗം വന്ന് ശയ്യാവലംബരായവർ, മാതാപിതാക്കൾ, ഭാര്യ / ഭർത്താവ്, മക്കൾ, സഹോദരങ്ങൾ എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട് അവധിയിൽ പ്രവേശിക്കുന്നവർ, സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർ, സ്റ്റാൻഡ്ബൈ ഡ്യൂട്ടി യൂണിറ്റ് അധികാരികൾ അനുവദിക്കപ്പെടുന്നവർ എന്നിവർക്ക് വ്യവസ്ഥയിൽ ഇളവ് നൽകും. ജീവനക്കാർ ഹാജരാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ കൂടുതൽ പരിശോധനയ്ക്കായി കെ.എസ്.ആർ.ടി.സി. രൂപീകരിക്കുന്ന മെഡിക്കൽ ബോർഡിലോ സർക്കാരിന്റെ മെഡിക്കൽ ബോർഡിലോ സമർപ്പിച്ച് അന്തിമ തീരുമാനം മാനേജ്മെന്റ് സ്വീകരിക്കും.

തുടർച്ചയായി എട്ട് മണിക്കൂറിൽ കൂടുതലുള്ള ദീർഘദൂര സർവീസുകളിൽ ഘട്ടംഘട്ടമായി ഡ്രൈവർ കം കണ്ടക്ടർമാരെ നിയോഗിക്കും. 500 കിലോമീറ്ററിന് മുകളിലുള്ള ബാംഗ്ലൂർ സർവീസുകൾ പോലുള്ള അന്തർ സംസ്ഥാന സർവീസുകളിൽ യുക്തമായ ടെർമിനൽ കണ്ടെത്തി ക്രൂ ചെയ്ഞ്ച് നടപ്പിലാക്കും. ഓപ്പറേറ്റിംഗ് സെന്ററുകളുടെ ചെലവുകൾ കുറയ്ക്കും. കെ.എസ്.ആർ.ടി.സിയുടെ റിസർവേഷൻ കൗണ്ടറുകൾ മേജർ ഡിപ്പോകളിൽ മാത്രമായിരിക്കും. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കമ്മീഷൻ വ്യവസ്ഥയിൽ ഡയറക്ട് ടിക്കറ്റ് സെല്ലിംഗ് ഏജന്റുമാരെ നിയോഗിക്കും.

ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പരമാവധി ഓർഡിനറി / ഫാസ്റ്റ് ബസ്സുകൾ സ്റ്റേ ബസ്സുകളാക്കും. ബസ്സുകൾ സ്റ്റേ ചെയ്യുന്ന സ്ഥലത്ത് എത്തുവാൻ ഡ്രൈവർക്കും കണ്ടക്ടർക്കും ഓരോ കിലോമീറ്ററിന് 2.50 രൂപ കിലോമീറ്റർ അലവൻസ് നൽകും. എന്നാൽ 50 കിലോമീറ്ററിന് മുകളിൽ ആണെങ്കിൽ സ്റ്റേ അലവൻസ്സായി അനുവദിക്കുന്ന തുക കാലാകാലങ്ങളിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനിക്കും. കെ.എസ്.ആർ.ടി.സി.യിൽ നിന്ന് പിരിഞ്ഞുപോയ പരിചയ സമ്പന്നരായ ജീവനക്കാരെ ബോഡി ബിൽഡിംഗ്, ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സ് കടകൾ, മറ്റ് സംരംഭങ്ങൾ എന്നീ ജോലികൾക്കായി കെ.എസ്.ആർ.ടി.സി.യുടെ പങ്കാളിത്തം ഇല്ലാത്ത പ്രത്യേക ലേബർ സൊസൈറ്റി മുഖേന പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ഒരുക്കും.

# സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിലേക്ക് വരണം : മന്ത്രി കെ. എൻ. ബാലഗോപാൽ

ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉദ്പാദന മേഖലയിലേക്ക് കടന്ന് വരണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. കെ.എസ്.ഇ.ബി യുടെ സൗരപദ്ധതിയുടെ ഭാഗമായ പുരപ്പുറ സൗരോർജ നിലയത്തിന്റെ കൊട്ടാരക്കര മണ്ഡലതല ഉത്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ സ്ഥാപിച്ച 14 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് മന്ത്രി സ്വിച്ഓൺ ചെയ്തു. പ്രതിദിനം 56 യൂണിറ്റ് ഉത്പാദനശേഷിയുള്ള എഴുകോണിലെ പ്ലാന്റിൽ 10 ശതമാനം യൂണിറ്റ് റൂഫ് ടോപ് വാടകയിനത്തിൽ ഉപഭോക്താവിന് സൗജന്യമായി 25 വർഷം ഉപയോഗിക്കാം. 5.93 ലക്ഷം രൂപയാണ് മുതൽമുടക്കിൽ കെ.എസ്.ഇ.ബി ആണ് പദ്ധതി നിർവഹിച്ചിരിക്കുന്നത്. ടാറ്റ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് ഒരുക്കിയ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികളും നിർവഹിക്കുന്നു. ഊർജ്ജകേരള മിഷന്റെ ഭാഗമായി പുനരുപയോഗ സ്രോതസ്സിൽ നിന്നും 1000 മെഗാവാട്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സൗര. ആദ്യ ഘട്ടത്തിൽ സബ്സിഡി ഇല്ലാതെയും രണ്ടാമത് 200 മെഗാവാട്ട് സൗരോർജ പ്ലാന്റുകൾ സബ്സിഡിയോടെയും അനുവദിക്കും. മൂന്ന് കിലോവാട്ട് വരെ 40 ശതമാനവും മൂന്നു മുതൽ 10 കിലോവാട്ട് വരെ 20 ശതമാനവും ഉപഭോക്താവിന് സബ്സിഡി നൽകും. കെ.എസ്.ഇ.ബിക്ക് നൽകുന്ന അപേക്ഷകൾ പരിഗണിച്ച് ബോർഡിന്റെ അംഗീകാരമുള്ള കമ്പനികൾ പ്ലാന്റുകൾ സ്ഥാപിച്ചു നൽകും. ഒരു കിലോവാട്ട് സ്ഥാപിക്കാൻ 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും വീട്ടുകാർക്ക് ഉപയോഗിക്കാം. അധിക വൈദ്യുതി യൂണിറ്റിന് നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബിക്ക് നൽകാം. 25 വർഷത്തെ ഗ്യാരണ്ടിയുള്ള പാനലുകളുടെ അഞ്ചു വർഷത്തെ അറ്റകുറ്റപ്പണികൾ കെ.എസ്.ഇ.ബി നിർവഹിക്കും. മൂന്ന് കിലോവാട്ട് സ്ഥാപിക്കുന്നതിന് സബ്സിഡിയോടെ 1.3 ലക്ഷം രൂപ വരെ ചിലവ് വരും കിലോവാട്ടിന് നാല് യൂണിറ്റ് ഉൽപാദനം പ്രതീക്ഷിക്കുന്ന പദ്ധതിക്ക് നാലര വർഷം കൊണ്ട് വൈദ്യുതിചാർജ് ഇനത്തിലൂടെ മുടക്കുമുതൽ തിരികെ ലഭിക്കുമെന്ന് കണക്കാക്കുന്നു. എഴുകോൺ പോളിടെക്നിക് കോളേജിൽ നടത്തിയ പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രതീഷ് കിളിത്തട്ടിൽ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സുമ ലാൽ ബ്ലോക്ക് പഞ്ചായത്തംഗം മിനി ലാൽ, കെ.എസ്. ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയർമാരായ എം. വിനുശങ്കർ, എ. ബെനറ്റ്, പ്രിൻസിപ്പൽ വി. വി. റേ, ഗ്രാമപഞ്ചായത്ത് വാർഡ് അംഗം ബിജു എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

ഭിന്നശേഷിക്കാർക്കായുള്ള നാഷണൽ കരിയർ സെന്ററിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ(കൊമേഴ്സ്യൽ പ്രാക്ടീസ്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.സി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള ഒരു ഒഴിവാണുള്ളത്. പ്രായപരിധി 30 വയസ്. പ്രായപരിധിയിൽ വിവിധ വിഭാഗങ്ങൾക്കായുള്ള നിയമാനുസൃതമായ ഇളവു ലഭിക്കും. അംഗീകൃത സർവകലാശാലാ ബിരുദവും കൊമേഴ്സ്യൽ/സെക്രട്ടേറിയൽ പ്രാക്ടീസിൽ അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ആണു യോഗ്യത. ടൈപ്പിംഗിൽ മിനിറ്റിൽ 40 വാക്കും ഷോർട്ട് ഹാൻഡിൽ 80 വാക്കും വേഗത അഭിലഷണീയം. താത്പര്യമുള്ളവർ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ ഡിഫറന്റ്‌ലി ഏബിൾഡ് (ഗവൺമെന്റ് ഓഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്), നാലാഞ്ചിറ, തിരുവനന്തപുരം 695 015 എന്ന വിലാസത്തിൽ ഫെബ്രുവരി 22നുള്ളിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 2531175 / 2530371

# കരിയർ മാസ്റ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന് തുടക്കമായി

## എം. നൗഷാദ് എം .എൽ .എ ഉദ്ഘാടനം ചെയ്തു

അധ്യാപകർക്കും വിദ്യാർഥികൾക്കുമായുള്ള കരിയർ മാസ്റ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം, സ്റ്റുഡൻസ് ലീഡർഷിപ്പ് ക്യാമ്പ് എന്നിവയ്ക്ക് കൊല്ലം ജവഹർ ബാലഭവനിൽ തുടക്കമായി. എം. നൗഷാദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

പഠനവും അറിവ് സമ്പാദനവും മനുഷ്യന്റെ നയ്ക്കായി പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

എം. എൽ.എ വിദ്യാർഥികളുമായി ആശയവിനിമയവും നടത്തി. പൊതുവിദ്യാഭ്യാസ വകുപ്പ് വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയിൽ രണ്ടുദിവസങ്ങളിലായി 100 വിദ്യാർഥികളും 50 അധ്യാപകരും കോവിഡ് മാനദണ്ഡം പാലിച്ച് പങ്കെടുക്കും.

വിദ്യാർഥികൾക്ക് വ്യക്തിത്വവികാസം, നേതൃത്വപാടവം തുടങ്ങിയ വിഷയങ്ങളിലും അധ്യാപകർക്ക് കരിയർ ഗൈഡൻസ്, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിലെ തൊഴിൽസാധ്യതകൾ, കുട്ടികളിലെ മാനസിക വെല്ലുവിളികൾ, കൗമാരക്കാരുടെ പ്രശ്നങ്ങൾ, കൗൺസിലിംഗ് എന്നീ വിഭാഗങ്ങളിലും വിദഗ്ധർ ക്ലാസെടുക്കും. കരിയർ എക്സിബിഷനും അനുബന്ധമായുണ്ട്.

ഉദ്ഘാടന ചടങ്ങിൽ വി.എച്ച്. എസ്. ഇ.അസിസ്റ്റന്റ് ഡയറക്ടർ ഒ.എസ്. ചിത്ര അധ്യക്ഷയായി. സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ ആർ. ബൈജു ചന്ദ്രൻ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ സ്റ്റേറ്റ് കോഓർഡിനേറ്റർ എ. എം. റിയാസ്, ജില്ല കോഓർഡിനേറ്റർ മാത്യു എബ്രഹാം, പ്രോഗ്രാം കമ്മിറ്റി കൺവീനർ ജി.ആർ. അഭിലാഷ് തുടങ്ങിയവർ പങ്കെടുത്തു.




കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാർ ഗതാഗതമന്ത്രി ആന്റണി രാജുവിന്റെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കുന്നു

# കൊല്ലത്ത് നിന്ന് 22 മിനുട്ടിൽ തിരുവനന്തപുരത്ത് എത്താം

വെറും 22 മിനുട്ടിൽ കൊല്ലത്ത് നിന്ന് തിരുവനന്തപുരത്ത് എത്താമെന്നത് ഇനി സ്വപ്നമല്ല യാഥാർത്ഥ്യമാകുമെന്ന് കെ റെയിൽ മാനേജിംഗ് ഡയറക്ടർ വി. അജിത്ത് കുമാർ. സി. കേശവൻ സ്മാരക ടൗൺ ഹാളിൽ സിൽവർ ലൈൻ പദ്ധതി വിശദീകരണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഒരു മണിക്കൂർ മൂന്ന് മിനുട്ട് മാത്രമായി ചുരുങ്ങും ഇവിടെ നിന്ന് എറണാകുളത്തേക്കുള്ള യാത്ര. 529.45 കിലോമീറ്റർ താണ്ടി കാസർഗോഡെത്താൻ മൂന്ന് മണിക്കൂറും 54 മിനുട്ടും മതി. അനുദിനം മാറുന്ന ലോകക്രമത്തിന് ചേർന്ന യാത്രാവേഗം ഉറപ്പാക്കുന്നത് ഇങ്ങനെയാണ്.

63,000 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ദീർഘകാല വായ്പ ലഭ്യമാകുന്നത് വഴി ലാഭകരമായി നടത്താനുമാകും. 20 മിനുട്ട് ഇടവേളയിൽ ട്രെയിൻ ഓടിക്കാൻ കഴിയുന്ന സംവിധാനമാണിത്. കൊല്ലത്ത് പ്രധാന ഡിപ്പോയാണ് വരിക. 11 സ്റ്റോപ്പുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

നിലവിൽ തിരുവന്തപുരത്തേക്ക് സെക്കന്റ് എ. സി. ട്രെയിൻ നിരക്ക് 710 രൂപയും തേഡ് എ. സി. 550 രൂപയുമാണെന്നിരിക്കെ സിൽവർലൈനിൽ അത് 150 രൂപയോളം മതിയാകുമെന്നാണ് കണക്കാക്കുന്നത്. 2.75 രൂപയാണ് കിലോമീറ്റർ നിരക്ക് പ്രതീക്ഷിക്കുന്നത്. പദ്ധതി തുകയുടെ 27 ശതമാനവും പുനരധിവാസത്തിന് നീക്കി വയ്ക്കും. ഭൂമി, വീട്, വ്യാപാര സ്ഥാപനം തുടങ്ങിയവ നഷ്ടമാകുന്നവർക്ക് ഏറ്റവും മികച്ച നഷ്ടപരിഹാരമാണ് നൽകുക. 40 ശതമാനം പൊതു ഓഹരി നിക്ഷേപവും പ്രതീക്ഷിക്കുന്നു. വായ്പയായി 43,000 കോടി രൂപയാണ് വേണ്ടി വരിക. കടമെടുക്കുന്ന തുകയും വരുമാനവും കണക്കാക്കുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ ലാഭകരമാകും. അതിലുപരി ഈ യാത്രാമാർഗം ഉപയോഗിക്കുക വഴി റോഡ് അപകട നിരക്ക് കുറയും.

ഇന്ധനലാഭം ഉറപ്പാകും. മലിനീകരണ തോതും ഗണ്യമായി കുറയും. പൊതുവായ സാമ്പത്തിക വളർച്ചയ്ക്ക് ഇടയാക്കും വിധം അനുബന്ധ പ്രവർത്തനങ്ങൾ വികസിക്കും. ഒരു ദിവസം 27 സർവീസുകൾ വരെ സാധ്യമാക്കും വിധമുള്ള സ്റ്റാൻഡേഡ് റെയിൽ പാതയാകും ഇത് എന്നും വ്യക്തമാക്കി.

# ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം

കലാസാഹിത്യ മേഖലകളിൽ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചിട്ടുള്ള ഭിന്നശേഷി ക്കാർക്ക് കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ പ്രാഗത്ഭ്യം ആർജ്ജിക്കുന്നതിനുമുള്ള സഹായം ലഭ്യമാക്കുന്ന ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പ്രോഗ്രാമിൽ അപേക്ഷിക്കാം. കേരള സാമൂഹ്യ സുരക്ഷാ മിഷനും, കേരള സാമൂഹ്യ നീതി വകുപ്പും, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലും (ഗളകടഇ) സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. സംഗീതം (വോക്കൽ, ഉപകരണസംഗീതം), നൃത്തം, ചിത്രരചന, പെയിന്റിംഗ്, വീഡിയോഗ്രാഫി, മിമിക്രി തുടങ്ങിയ മേഖലകളിൽ പ്രാഗത്ഭ്യം ഉള്ളവർക്ക് അപേക്ഷിക്കാം.

**h-ttp-s://form-t.yp-e-form.com/to/d-h-M-sm-E** ൽ അപേക്ഷ സമർപ്പിക്കണം. www.so-c-i-a-l-se-cur-tiym-i-ssion.gov.in, www.sj-d.k-er-a-l-a.gov.in, ww\w.k-d-i-sc.k-er-a-l-a.gov.in, www.hpw-c.k-er-a-l-a.gov.in, www.i-c-con-s.co.in എന്നീ വെബ്സൈറ്റുകളിലൂടെ ഓൺലൈനായി നൽകാം. അപേക്ഷയോടൊപ്പം പ്രാഗത്ഭ്യം ഉള്ള മേഖലകളിൽ കഴിവുകൾ തെളിയിച്ചതിനുള്ള രേഖകളും പ്രായം, ഭിന്നശേഷിയുടെ ശതമാനം എന്നിവ തെളിയിക്കുന്ന രേഖകളും നൽകണം. അപേക്ഷകരുടെ പ്രായം 15 നും 40 നും ഇടയിൽ. 201920 ൽ നടത്തിയ പരിപാടിയിൽ പങ്കെടുത്തവർ അപേക്ഷിക്കേണ്ടതില്ല. ഒരു അപേക്ഷകന് പരമാവധി രണ്ട് മേഖലകളിൽ മാത്രമേ അപേക്ഷിക്കാനാവൂ. അപേക്ഷകൾ 25 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: അനുയാത്രാ കാൾ സെന്റർ 1800 120 1001, k-d-i-sc-k-ssm@gm-a-i-l.com.

## കോഷൻ ഡെപ്പോസിറ്റ് വിതരണം

നെയ്യാറ്റിൻകര കുളത്തൂർ ഗവ: ടെക്നിക്കൽ ഹൈസ്കൂളിൽ മുൻവർഷങ്ങളിൽ പത്താംക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികളുടെ കോഷൻ ഡെപ്പോസിറ്റ് തുക ജനുവരി 10 മുതൽ 25 വരെ സ്കൂളിൽ നിന്നും വിതരണം ചെയ്യും. അർഹരായ വിദ്യാർത്ഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ഐ.ഡി.കാർഡ് സഹിതം സ്കൂളിലെത്തി തുക കൈപ്പറ്റണം.

# എംഎസ്എംഇകളുടെ സേവനങ്ങൾക്ക് മുൻകൂട്ടി പണംനൽകി തൊഴിലവസരങ്ങൾ, വളർച്ച എന്നിവ ഉറപ്പാക്കുക

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നൽകുന്ന സേവനങ്ങൾക്ക് മുൻകൂട്ടി പണം നൽകുന്നത് വഴി അവയുടെ പ്രവർത്തനക്ഷമത സംരക്ഷിക്കാനും, തൊഴിലവസരങ്ങൾ, വളർച്ച എന്നിവയ്ക്ക് പ്രോത്സാഹനം നൽകാനും രാജ്യത്തെ വ്യവസായ സംരംഭങ്ങളോട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയൽ ആവശ്യപ്പെട്ടു.

രാജ്യത്തെ മുൻനിര വ്യാപാരവ്യവസായ സംഘടനകളുടെ നേതാക്കന്മാരുമായി ന്യൂഡൽഹിയിലിരുന്ന് വിദൂരദൃശ്യ സാങ്കേതികവിദ്യയിലൂടെ ഇന്ന് ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക പ്രവർത്തനങ്ങളുടെ വേഗത്തിലുള്ള തിരിച്ചുവരവ് തുടർന്നും ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും, വിവരങ്ങളും വ്യവസായ സമൂഹത്തിൽനിന്ന് സ്വീകരിക്കുന്നത് ലക്ഷ്യമിട്ടുള്ളതായിരുന്നു കൂടിക്കാഴ്ച.

യാത്ര വിനോദ സഞ്ചാരം എന്നിവയിലെ നിയന്ത്രണങ്ങൾക്ക് നടുവിലും സേവന കയറ്റുമതിയിൽ രാജ്യം കൈവരിച്ച നേട്ടം അഭിനന്ദനാർഹമാണ് എന്ന് അഭിപ്രായപ്പെട്ട കേന്ദ്രമന്ത്രി, ഈ മേഖലയിൽ 250 ബില്യൺ അമേരിക്കൻ ഡോളർ കയറ്റുമതി എന്ന നേട്ടം സ്വന്തമാക്കാൻ നാം ലക്ഷ്യമിടണമെന്ന് ഓർമിപ്പിച്ചു

സ്വതന്ത്ര വ്യാപാര കരാറുകൾ (എഠഅ) സംബന്ധിച്ച ചർച്ചകളിലെ പുരോഗതി പ്രതിപാദിക്കവേ, ഇവയ്ക്ക് മുന്നോടിയായുള്ള തിരഞ്ഞെടുക്കപ്പെട്ട ഉത്പന്നങ്ങളുടെ തീരുവ കുറയ്ക്കുന്നതിനുള്ള കരാറുകൾ (ഏർലി ഹാർവെസ്റ്റ് എഗ്രിമെന്റ്സ് ) ക്ക് അന്തിമരൂപം നൽകാനും അതിന്റെ പ്രയോജനം എത്രയും വേഗം വ്യവസായമേഖലയിൽ ലഭ്യമാക്കാനുമുള്ള പരിശ്രമങ്ങളിലാണ് ഭരണകൂടം എന്നും വ്യക്തമാക്കി

ഡഅഋ മായുള്ള സ്വതന്ത്ര വ്യാപാര കരാർ അവസാന ഘട്ടത്തിൽ എത്തിയതായി അറിയിച്ച കേന്ദ്രമന്ത്രി, ഓസ്ട്രേലിയയുമായുള്ള ചർച്ചകൾ മികച്ച ഘട്ടത്തിലാണെന്നും, ഇസ്രയേലുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും അറിയിച്ചു . കൊറിയയുമായുള്ള വിപണി പുനപ്രവേശം സംബന്ധിച്ച ചർച്ചകളെപ്പറ്റി പരാമർശിക്കവേ , മുൻ കരാർ സംബന്ധിച്ച് ഉയരുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനായി ഒരു സമഗ്ര അതിവേഗ സംഭാഷണത്തിന് തുടക്കം കുറിച്ചതായി ശ്രീ ഗോയൽ ചൂണ്ടിക്കാട്ടി

മേഖലയിലെ ഏറ്റവും പുതിയ വിവരങ്ങളും നിർദ്ദേശങ്ങളും ഭരണകൂടത്തിന് നൽകുന്നതിൽ ഉത്സുകരാകണമെന്ന് അദ്ദേഹം വ്യാവസായിക നേതാക്കളോട് ആവശ്യപ്പെട്ടു .. വ്യാപാര നടപടിക്രമങ്ങൾ, അനുമതികൾ എന്നിവയ്ക്കായി ഏകജാലക സംവിധാനം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം വ്യവസായ മേഖലയോട് നിർദ്ദേശിച്ചു.

കൂടാതെ ഏറ്റവും സാധ്യമായ അളവിൽ വികസിക്കാനും വളരാനും പ്രധാനമന്ത്രി ഗതി ശക്തി ദേശീയ മാസ്റ്റർപ്ലാൻ, ഇന്ത്യ ഇൻഡസ്ട്രിയൽ ലാൻഡ് ബാങ്ക് തുടങ്ങിയ മുന്നേറ്റങ്ങൾ ഉപയോഗപ്പെടുത്തണമെന്നും കേന്ദ്ര മന്ത്രി അഭ്യർത്ഥിച്ചു.

## വിലനിലവാര സൂചിക

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2021 നവംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2021 ഒക്ടോബർ മാസത്തിലേത് ബ്രാക്കറ്റിൽ.

തിരുവനന്തപുരം 182 (180), കൊല്ലം 178 (176), പുനലൂർ 184 (183), പത്തനംതിട്ട 194 (192), ആലപ്പുഴ 190 (188), കോട്ടയം 186 (185), മുണ്ടക്കയം 181 (179), ഇടുക്കി 182 (181), എറണാകുളം 181 (180), ചാലക്കുടി 190 (190), തൃശൂർ 193 (192), പാലക്കാട് 174 (173), മലപ്പുറം 180 (178), കോഴിക്കോട് 186 (185), വയനാട് 181 (181), കണ്ണൂർ 193 (193), കാസർഗോഡ് 189 (189).

## തൈപ്പൊങ്കൽ: ആറ് ജില്ലകൾക്ക് 14ന് അവധി

തൈപ്പൊങ്കൽ പ്രമാണിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്ക് 14ന് അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. നേരത്തെ സർക്കാർ കലണ്ടർ അനുസരിച്ച് 15നായിരുന്നു അവധി.



വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ചർ മുഖേനയുള്ള പച്ചക്കറി കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം കൃഷിമന്ത്രി പ്രി. പ്രസാദ് നിർവഹിക്കുന്നു

# സിൽവർലൈൻ വിശദീകരണ യോഗത്തിൽ സംശയങ്ങളുടെ ചോദ്യക്കെട്ടഴിച്ചു

സിൽവർലൈൻ വിശദീകരണ യോഗത്തിൽ പങ്കെടുത്തവർ സംശയങ്ങളുടെ ചോദ്യക്കെട്ടഴിച്ചു. തൃപ്തികരമായ മറുപടി നൽകി കെ റെയിൽ സാരഥികൾ. ധനകാര്യമന്ത്രി നേരിട്ടും ചോദ്യത്തോട് പ്രതികരിച്ചു.

നഷ്ടപരിഹാരം സംബന്ധിച്ച ചോദ്യത്തോട് അശങ്കയേ വേണ്ട എന്ന ഉറപ്പ് നൽകിയത് മന്ത്രി കെ. എൻ. ബാലഗോപാൽ. ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി തന്നെ പൂർത്തിയാക്കും.

ദേശീയപാത വികസനത്തിന് ഏറ്റെടുത്ത ഭൂമിക്കുള്ള നഷ്ടപരിഹാര വിതരണം എത്ര പെട്ടന്ന് നടന്നുവെന്ന് വ്യക്തമായതാണ്. അതു പോലെ അർഹരായവർക്ക് പരമാവധി നഷ്ടപരിഹാരം ഉറപ്പാക്കുകയും ചെയ്യുമെന്ന് അദ്ദേഹം വ്യക്തമാക്കി.

പാതയുടെ നിർമാണം വെള്ളക്കെട്ടിന് ഇടാക്കുമോ എന്ന സംശയത്തിന് എം. ഡി നൽകിയ മറുപടി 100 വർഷത്തിലേറെയായി തുടരുന്ന നിലവിലെ റെയിൽപാത സൃഷ്ടിക്കാത്ത പ്രശ്നമൊന്നും പ്രതീക്ഷിക്കണ്ട എന്നായിരുന്നു.

മലിനീകരണം സംബന്ധിച്ച ആശങ്ക പങ്കു വച്ചപ്പോൾ റോഡ് നിർമാണത്തിന് ആവശ്യമായ വസ്തുക്കളുടെ പകുതി പോലും ഈ പാതയ്ക്ക് വേണ്ടി വരില്ലെന്ന് വ്യക്തമാക്കി. സിൽവർ ലൈനിന്റെ അനിവാര്യത സംബന്ധിച്ചും പങ്കെടുത്ത പ്രമുഖർ വിശദീകരിച്ചു. കേന്ദ്ര സർവീസിൽ നിന്ന് വിരമിച്ച പ്രധാനമന്ത്രിമാരുടെ ഓഫീസിൽ പ്രവർത്തിച്ചിട്ടുള്ള കെ. എസ്. മണി സുസ്ഥിര സാമ്പത്തിക വികസനത്തിന് അനുയോജ്യമാണ് പദ്ധതിയെന്ന് പറഞ്ഞു.

ശ്രീനാരായണ ഓപൺ യൂണിവെഴ്സിറ്റി വൈസ് ചാൻസലർ മുബാറക് പാഷ പുനരധിവാസത്തിന് നൽകുന്ന പ്രാധാന്യം വിലപ്പെട്ടതാണെന്ന് ചൂണ്ടിക്കാട്ടി. പ്രൊ വൈസ് ചാൻസലർ എസ്. വി. സുനിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംരംഭമായി ഇതു മാറുമെന്ന് വ്യക്തമാക്കി.

എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല പ്രൊ വൈസ് ചാൻസലർ ഡോ. എസ്. അയൂബ് ഭാവിയുടെ ഭാവിക്കേണ്ടിയുള്ള പദ്ധതിയാണിതെന്നും പുതുതലമുറയിലേക്ക് ഇതു സംബന്ധിച്ച അവബോധം വളർത്തേണ്ടതുണ്ടെന്നും പറഞ്ഞു.

സാമൂഹ്യസാംസ്കാരിക രംഗത്തുള്ളവരും വ്യാപാരി വ്യവസായികളുടെ പ്രതിനിധികളും പദ്ധതി സംബന്ധിച്ച സംശയനിവാരണം നടത്തി. ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷി നേതാക്കളും പങ്കെടുത്തു.


# 2022–23 വാർഷിക പദ്ധതി അംഗീകരിച്ചു

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നടന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സമ്പൂർണ്ണ യോഗം 202223 വാർഷിക പദ്ധതിക്ക് അംഗീകാരം നൽകി. മാനവശേഷി വികസനം, വിജ്ഞാനം, സുസ്ഥിര വളർച്ച എന്നിവ അടിസ്ഥാനമാക്കിയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. തൊഴിൽ, പശ്ചാത്തലസൗകര്യ വികസനം, വരുമാനം ഉറപ്പുനൽകുന്ന സേവനങ്ങൾ, നൈപുണ്യ വികസനം, ശാസ്ത്രസാങ്കേതിക വിദ്യ, ഉന്നതവിദ്യാഭ്യാസം എന്നിവയുടെ ഊർജ്ജിത പുരോഗതി ഉറപ്പുവരുത്തി അതിലൂടെ വരുമാനം വർധിപ്പിച്ച് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനം ആസൂത്രണത്തിന്റെയും സാമ്പത്തിക വികസനത്തിന്റെയും കാര്യത്തിൽ അനേകം വെല്ലുവിളികൾ നേരിടുന്നതായും കേന്ദ്രസംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലെ നിലവിലുള്ള പരിമിതികൾക്കുള്ളിലും വിഭവസമാഹരണത്തിൽ സംസ്ഥാനങ്ങൾക്കുമേൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്കുള്ളിലും ആധുനികവും സമ്പദ്സമൃദ്ധവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ ഉന്നം വെച്ചുള്ളതാണ് 202223 വാർഷിക പദ്ധതിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നീ മേഖലകളിലെ ചെലവഴിക്കലുകൾ വർധിപ്പിക്കുക, സാമൂഹ്യക്ഷേമം, ലിംഗനീതി എന്നിവയിലെ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തുക, ഉൽപാദന ശക്തികളുടെ അതിവേഗ വളർച്ചകയ്ക്കായി മാനവ വിഭവശേഷി ഉപയോഗപ്പെടുത്തുക, കൃഷി, വ്യവസായം, പശ്ചാത്തലസൗകര്യങ്ങൾ, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, വരുമാനം ഉറപ്പാക്കുന്ന സേവനങ്ങൾ എന്നിവയിൽ ശാസ്ത്രസാങ്കേതിക വിദ്യയും ആധുനിക നൈപുണ്യങ്ങളും പ്രയോഗിക്കുക, തൊഴിൽദായകവും ഉൽപാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക, ഉന്നതവിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, ശാസ്ത്രീയമായി മാലിന്യ നിർമ്മാർജ്ജനം ചെയ്യുക, പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തി പുരോഗതിയുടെ ചാലക ശക്തികളാക്കുക, എല്ലാവരെയും ഉൾപ്പെടുത്തുന്ന വികസന പ്രക്രിയ നടപ്പിലാക്കുക എന്നിവയ്ക്കെല്ലാം ഊന്നൽ കൊടുക്കുന്നതാണ് 202223 വാർഷിക പദ്ധതി. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ രാജൻ, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻ കുട്ടി, ആന്റണി രാജു, അഹമ്മദ് ദേവർകോവിൽ, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഡോ വി. കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, ഫിനാൻസ് സെക്രട്ടറി, ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, ആസൂത്രണ ബോർഡ് അംഗങ്ങളായ ഡോ ജമീല ബാലൻ, ഡോ രവി രാമൻ, സന്തോഷ് ജോർജ്ജ് കുളങ്ങര, ഡോ ജിജു പി അലക്സ്, മിനി സുകുമാർ, ഡോ രാം കുമാർ, വി നമശിവായം എന്നിവർ പങ്കെടുത്തു. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന സ്കീമുകളിലെ ആവർത്തനവും ഇരട്ടിപ്പും ഒഴിവാക്കി ക്രമപ്പെടുത്തുന്നതിനുള്ള ശ്രമം ആസൂത്രണ ബോർഡ് ആരംഭിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തെ ത്തുടർന്ന് വാർഷിക പദ്ധതി മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചു.

# കേരളത്തിൽ കോവിഡ് കുതിക്കുന്നു; ഇന്ന് 13,468 പേർക്ക് രോഗം



തിരുവനന്തപുരം: കേരളത്തിൽ കോവിഡ് വീണ്ടും കുതിക്കുന്നു. ഇന്ന് കേരളത്തിൽ 13,468 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 3404, എറണാകുളം 2394, കോഴിക്കോട് 1274, തൃശൂർ 1067, കോട്ടയം 913, കണ്ണൂർ 683, കൊല്ലം 678, മലപ്പുറം 589, ആലപ്പുഴ 586, പത്തനംതിട്ട 581, പാലക്കാട് 553, ഇടുക്കി 316, വയനാട് 244, കാസർഗോഡ് 186 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 66,796 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,57,292 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,53,994 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 3,298 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 461 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 13,468 കോവിഡ് കേസുകളിൽ, 2.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 21 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതു കൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 96 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 50,369 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 120 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 12,553 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 691 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 104 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3252 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 412, കൊല്ലം 126, പത്തനംതിട്ട 156, ആലപ്പുഴ 90, കോട്ടയം 391, ഇടുക്കി 169, എറണാകുളം 921, തൃശൂർ 145, പാലക്കാട് 57, മലപ്പുറം 117, കോഴിക്കോട് 271, വയനാട് 71, കണ്ണൂർ 268, കാസർഗോഡ് 58 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 64,529 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,11,014 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ചിന്നക്കടയിൽ സൗരോർജ്ജ ഇലക്ട്രിക് ചാർജിങ് സ്റ്റേഷനും

## മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു

ചിന്നക്കട ക്ലോക്ക് ടവറിന് സമീപത്ത് സൗരോർജ്ജ വെഹിക്കിൾ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങി. മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. കാർബൺഡയോക്സൈഡ് പ്രസാരണം കുറച്ചുകൊണ്ടുള്ള ഊർജ്ജ ഉൽപാദനഉപഭോഗ പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും കോർപ്പറേഷൻ പരിധിയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുമെന്നും മേയർ പറഞ്ഞു. സംസ്ഥാന പരിസ്ഥിതികാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെ ടി.കെ.എം എൻജിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിഭാഗമാണ് ചാർജിങ് സ്റ്റേഷൻ പൂർത്തീകരിച്ച് കോർപ്പറേഷന് കൈമാറിയത്. കോളേജിൽ നിന്ന് കഴിഞ്ഞ വർഷം പഠനം പൂർത്തിയാക്കിയ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിഭാഗം വിദ്യാർത്ഥികളായ വരുൺ എസ്. പ്രകാശ്, പി.അഭിരാജ് എന്നിവർ ചേർന്ന് അധ്യാപകരായ ഡോ. ഷെയ്ഖ് മുഹമ്മദ്, ഡോ. ആർ. ഷീബ എന്നിവരുടെ നേതൃത്വത്തിലാണ് സ്റ്റേഷൻ സംവിധാനം രൂപകൽപ്പന ചെയ്തത്. 6.6 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് ഉൾപ്പെടുന്ന പദ്ധതിക്കായി 6.7 ലക്ഷം രൂപ വിനിയോഗിച്ചു. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനായി. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ സുനീൽ പമിടി, കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എസ്. ഗീതാകുമാരി, ജി. ഉദയകുമാർ, എ. കെ സവാദ്, എസ്. ജയൻ, യു. പവിത്ര, കൗൺസിലർ റ്റി .ജി. ഗിരീഷ്, സെക്രട്ടറി പി. കെ. സജീവ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. കെ. ബിജുനാകുഞ്ഞ് തുടങ്ങിയവർ പങ്കെടുത്തു.

# സ്കോൾ കേരള: തീയതി നീട്ടി

സ്കോൾകേരള മുഖേനെയുള്ള 202122 അധ്യയന വർഷത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ പ്രവേശന തീയതി നീട്ടി.

പിഴയില്ലാതെ 19 വരെയും 60 രൂപ പിഴയോടെ 27 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തലോടെ സ്കോൾ കേരളയുടെ സംസ്ഥാന ഓഫീസിലേക്ക് അയയ്ക്കണം.

# ആസാദി കാ അമൃത് മഹോത്സവം ആഘോഷിക്കുന്നതിനായി കേന്ദ്ര നഗര ഭവനകാര്യ മന്ത്രാലയം 30 പരിപാടികൾ സംഘടിപ്പിക്കുന്നു

കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം (ങീഒഡഅ), ആസാദി കാ അമൃത് മഹോത്സവിന് കീഴിൽ 30 പരിപാടികളുടെ ഒരു പരമ്പര സംഘടിപ്പിക്കുന്നു.

നഗര ജീവിതത്തിന്റെ മൂന്ന് പ്രധാന മാനങ്ങൾജീവിതക്ഷമത, സാമ്പത്തിക ശേഷി, സുസ്ഥിരത എന്നിവ ഉൾക്കൊള്ളുന്ന ജനകേന്ദ്രീകൃത തന്ത്രം മന്ത്രാലയത്തിന്റെ , എല്ലാ പ്രധാന പരിപാടികളിലും ഉൾക്കൊള്ളുന്നതായി ചടങ്ങിൽ സംസാരിച്ച, കേന്ദ്ര ഭവന, നഗരകാര്യ മന്ത്രി ശ്രീ ഹർദീപ് എസ് പുരി പറഞ്ഞു.

പൗരന്മാർക്ക് ഒന്നാം തരം താമസ സൗകര്യം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ പുരി പറഞ്ഞു. കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ 'ആസാദി കാ അമൃത് മഹോത്സവ് ' സംരംഭങ്ങൾ വലിയ തോതിലുള്ള ജനകീയ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

'സ്മാർട്ട് സിറ്റികൾ, സ്മാർട്ട് നഗരവൽക്കരണം' എന്ന വിഷയത്തിലുള്ള ഒരു സചിത്ര ബ്രോഷറിന്റെ ഔപചാരിക പ്രകാശനവും ശ്രീ പുരി ഇന്ന് നിർവ്വഹിച്ചു. ബ്രോഷറിൽ (വദ്ദേ:/ /ാെമൃ്വിലേ.ിശൗമ.ീൃഴ/മ്വമറശസമമമാൃശോമവീമേ്വ) 2022 ജനുവരി 1 മുതൽ ജനുവരി 31 വരെ രാജ്യത്തെ നഗരങ്ങളിലുടനീളം മന്ത്രാലയം നടത്തുന്ന 30 പരിപാടികളുടെ ഓരോ സംഗ്രഹവും അടങ്ങിയിരിക്കുന്നു.

നിലവിലെ മഹാമാരി സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഡിജിറ്റൽ പങ്കാളിത്തത്തിന് ഊന്നൽ നൽകി ഒരു ഹൈബ്രിഡ് മാതൃകയിൽ പരിപാടികൾ നടത്താൻ മന്ത്രാലയം തീരുമാനിച്ചു.

2022 ഫെബ്രുവരി 4, 5 തീയതികളിൽ സൂറത്തിൽ സംഘടിപ്പിക്കുന്ന 'സ്മാർട്ട് സിറ്റികൾ, സ്മാർട്ട് നഗരവൽക്കരണം' കോൺഫറൻസിന്റെ ഗ്രാൻഡ് ഫിനാലെയിൽ പരിപാടി സമാപിക്കും.

ആസാദി കാ അമൃത് മഹോത്സവിന്റെ 5 ആശയങ്ങളെ പരിപാടി പ്രതിഫലിപ്പിക്കും. സ്വാതന്ത്ര്യ സമരം ,പ്രവർത്തനങ്ങൾ@75, നേട്ടങ്ങൾ@75, ആശയങ്ങൾ@75, പരിഹരിക്കുക@75 എന്നിവയാണ് അവ.

മകരസംക്രാന്തി ദിനത്തിലെസൂര്യ നമസ്കാരത്തിൽ ഒരു കോടിയിലധികം പേർ പങ്കെടുക്കും : ശ്രീ സർബാനന്ദ സോനോവാൾ

# ഇന്ത്യയും യുകെയും സ്വതന്ത്ര വ്യാപാര കരാർ ചർച്ചകൾ ആരംഭിച്ചു

വാണിജ്യവ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയൽ യുണൈറ്റഡ് കിംഗ്ഡവുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ചർച്ചകൾക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.

യുകെ അന്താരാഷ്ട്ര വ്യാപാര സ്റ്റേറ്റ് സെക്രട്ടറി ആൻ മേരി ട്രെവെലിയൻ ചർച്ചയിൽ പങ്കെടുത്തു. 2030ഓടെ ഇന്ത്യയും യുണൈറ്റഡ് കിംഗ്ഡവും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുകയെന്ന ലക്ഷ്യം സ്വതന്ത്ര വ്യാപാര കരാർ സുഗമമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

യുകെയുമായുള്ള എഫ്ടിഎ ചർച്ചകൾ തുകൽ, തുണിത്തരങ്ങൾ, ആഭരണങ്ങൾ, സംസ്കരിച്ച കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ചടങ്ങിൽ സംസാരിച്ച ശ്രീ പിയൂഷ് ഗോയൽ പറഞ്ഞു.

ഇന്ത്യയുടെ 56 സമുദ്രോത്പന്ന യൂണിറ്റുകളുടെ അംഗീകാരത്തിലൂടെ സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയിൽ കുതിച്ചുചാട്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ഔഷധ മേഖലയുമായി ബന്ധപ്പെട്ട പരസ്പര അംഗീകാര കരാറുകൾക്ക് (എംആർഎ),അധിക വിപണി പ്രവേശനം നൽകാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു. സേവന മേഖലകളിൽ കയറ്റുമതി വർധിപ്പിക്കാനുള്ള വലിയ സാധ്യതയുമുണ്ട്.

ജനങ്ങളുടെ സഞ്ചാരത്തിനായി പ്രത്യേക സംവിധാന സാദ്ധ്യതകൾ അന്വേഷിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇരു രാജ്യങ്ങളിലും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്ന, വ്യാപാര കരാറിനായി ഇരു രാജ്യങ്ങളും ഉറ്റുനോക്കുകയാണെന്ന് ശ്രീ ഗോയൽ പറഞ്ഞു. സന്തുലിതമായ ഇളവുകളുള്ളതും വിശാലമായ മേഖലകളിൽ വിപണി പ്രവേശന സാധ്യതയുള്ള പരസ്പര പ്രയോജനകരമായ കരാറിനായി പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

മൂല്യ ശൃംഖലകളെ സംയോജിപ്പിക്കുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയുകെ എഫ്ടിഎ സംഭാവന നൽകുമെന്ന് മന്ത്രി പറഞ്ഞു.

ഇരു രാജ്യങ്ങളിലെയും ബിസിനസുകൾക്ക് നേട്ടമുണ്ടാക്കാൻ ഇടക്കാല കരാറിന്റെ സാധ്യതകൾ ആരായാനും ധാരണയായതായി മന്ത്രി അറിയിച്ചു.

# ദിലീപിനെതിരായ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കും: ക്രൈംബ്രാഞ്ച് മേധാവി

കൊച്ചി: നടൻ ദിലീപിനെതിരായ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കുമെന്ന് ക്രൈംബ്രാഞ്ച് മേധാവി എസ്. ശ്രീജിത്ത്. ദിലീപിൻറെ വീട്ടിലുൾപ്പെടെ നടന്ന റെയ്ഡ് കോടതിയുടെ അനുമതിയോടെയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

അന്വേഷണം വേഗത്തിൽ പൂർത്തിയാക്കും. വിഐപിയുടെ കാര്യത്തിലടക്കം അന്വേഷണം തുടരുകയാണ്. ബാലചന്ദ്രകുമാറിൻറെ വെളിപ്പെടുത്തൽ വിശദമായി അന്വേഷിക്കുമെന്നും എഡിജിപി പറഞ്ഞു. ദിലീപിനെ അറസ്റ്റ് ചെയ്യുമോയെന്ന ചോദ്യത്തിന് ഇപ്പോൾ പറയാനാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദിലീപിൻറെ ആലുവയിലെ പത്മസരോവരം വീട്ടിലും എറണാകുളം വൈഎംസിഎ ജംഗ്ഷനിലുള്ള അദ്ദേഹത്തിൻറെ ഗ്രാൻഡ് പ്രൊഡക്ഷൻ കമ്പനിയിലും സഹോദരൻ അനൂപിൻറെ പറവൂർ കവലയിലെ വസതിയിലുമാണ് ക്രൈംബ്രാഞ്ച് റെയ്ഡ് നടത്തിയത്. ക്രൈംബ്രാഞ്ച് എസ്.പി. മോഹനചന്ദ്രൻറെ നേതൃത്വത്തിലുള്ള 20 അംഗ സംഘം മൂന്ന് സംഘങ്ങളായി തിരിഞ്ഞ് മൂന്നിടത്തും ഒരേ സമയത്തായിരുന്നു റെയ്ഡ്.

ഏഴു മണിക്കൂറോളം റെയ്ഡ് നീണ്ടു. ദിലീപിൻറെ മൊബൈൽ ഫോണടക്കം നാല് ഫോണുകൾ, രണ്ട് ഐപാഡ്, രണ്ട് പെൻഡ്രൈവ്, ഒരു ഹാർഡ് ഡിസ്ക് എന്നിവ പിടിച്ചെടുത്തു.

നടിയെ ആക്രമിച്ച കേസ് അന്വേഷിക്കുന്ന ഉദ്യോസ്ഥരെ അപായപ്പെടുത്താൻ പ്രതിയായ ദിലീപ് ഗൂഢാലോചന നടത്തിയെന്ന് സംവിധായ കൻ ബാലചന്ദ്രകുമാർ നേരത്തെ വെളിപ്പെടുത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ നടക്കുന്ന അന്വേഷണത്തിൻറെ ഭാഗമായിട്ടായിരുന്നു റെയ്ഡ്.

# പോസ്റ്റർ ഡിസൈനിംഗ് ആന്റ് ഷോർട്ട് ഫിലിം മത്സര വിജയികൾ

ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് ജില്ലയിലെ വിവിധ സർക്കാർ എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ പോസ്റ്റർ ഡിസൈനിംഗ് മത്സരത്തിൽ നന്ദന നെൽസൺ (സർക്കാർ എച്ച്.എസ്.എസ് ശാസ്താംകോട്ട) ഒന്നാം സ്ഥാനവും സാനിയ കെ. സന്തോഷ് (മൗണ്ട് താബോർ ഗേൾസ് എച്ച്.എസ് പത്തനാപുരം) രണ്ടാം സ്ഥാനവും ആതിര ആർ.നായർ ( താലൂക്ക് സമാജം എച്ച്.എസ്.എസ്.പുനലൂർ) മാസ്റ്റർ നിരഞ്ജൻ.എസ് (ട്രിനിറ്റി ലൈസിയം, കൊല്ലം) മൂന്നാം സ്ഥാനവും പങ്കിട്ടു.

ഷോർട്ട് ഫിലിം മത്സരത്തിൽ ഐശ്വര്യ പ്രഭലൻ (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, പന) ഒന്നാം സ്ഥാനവും, സൂര്യ നാരായണൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കരുനാഗപ്പള്ളി) രണ്ടാം സ്ഥാനവും ജിത്തു നിഥിൻ (ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാരുവേലിൽ) മൂന്നാം സ്ഥാനവും നേടി. തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കലക്ടർ പി. ആർ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വികസന കമ്മിഷണർ ആസിഫ് കെ. യൂസുഫ് വിദ്യാർത്ഥികൾക്ക് ദേശീയ സമ്മതിദായകദിന സന്ദേശം നൽകി.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകൾ

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡി.സി.എഫ്. എഡിപ്ലോമ ഇൻ കംമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (പ്ലസ് ടു കൊമേഴ്സ്/ബി.കോം/ഡി.സി.പി/എച്ച്.ഡി.സി/ജെ.ഡി.സി/ബി.ബി.എ 6 മാസം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കംമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ജി.എസ്.റ്റി യൂസിംഗ് ടാലി ((പ്ലസ് ടു കൊമേഴ്സ്/ബി.കോം/ഡി.സി.പി/എച്ച്.ഡി.സി/ജെ.ഡി.സി/ബി.ബി.എ 3 മാസം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡേറ്റാ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ (എസ്.എസ്.എൽ.സി 4 മാസം) കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ജനുവരി 16 മുതൽ ഫെബ്രുവരി 6 വരെ ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.lbscetnre.kerala.gov.in , 0474 2970780.

# 'സത്യം മാത്രമേ ബോധിപ്പിക്കൂ' സിനിമ ജനുവരി 14 ന്




കൊച്ചി : ധ്യാൻ ശ്രീനിവാസനെ നായകനാക്കി സാഗർ ഹരി രചനയും സംവിധാനവും നിർവ്വഹിക്കുന്ന 'സത്യം മാത്രമേ ബോധിപ്പിക്കു' ജനുവരി 14 ന് തീയേറ്റർ റിലീസിന് ഒരുങ്ങുന്നു. 'സൂത്രക്കാരൻ', 'കെട്ട്യോളാണ് എന്റെ മാലാഖ' എന്ന ചിത്രത്തിന് ശേഷം സ്മൃതി സിനിമാസിന്റെ ബാനറിൽ വിച്ചു ബാലമുരളി നിർമ്മിക്കുന്ന രണ്ടാമത്തെ ചിത്രമാണിത്. ധ്യാൻ ശ്രീനിവാസൻ ആദ്യമായി ഒരു ഐപിഎസ് ഉദ്യോഗസ്ഥൻ ആയി എത്തുന്ന എന്ന പ്രത്യേകതയും ഈ സിനിമയ്ക്കുണ്ട്.

ധ്യാൻ ശ്രീനിവാസനെ കൂടാതെ, സുധീഷ്, ജോണി ആന്റണി, ഡോ. റോണി, അംബിക എന്നിങ്ങനെ വൻ താരനിര തന്നെ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. ചിത്രത്തിന്റെ ക്യാമറ ധനേഷ് രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു, എഡിറ്റിങ്ങ് അജീഷ് ആനന്ദ്, പശ്ചാത്തല സംഗീതം ഒരുക്കുന്നത് വില്യംസ് ഫ്രാൻസിസ്,ലൈൻ പ്രൊഡ്യൂസർ സന്തോഷ് കൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ സഞ്ചു ജെ, പ്രോജക്ട് ഡിസൈനർ മാർട്ടിൻ ജോർജ് ആറ്റാവേലിൽ, ചീഫ് അസ്സോസിയേറ്റ് മനീഷ് ഭാർഗവൻ, പ്രവീൺ വിജയ്. അസ്സോസിയേറ്റ് ഡയറക്ടർ സംഗീത് ജോയ്, ജോ ജോർജ്ജ് എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ. വാർത്ത പ്രചരണം : പി.ശിവപ്രസാദ്



# ചിരിമാലയുമായി 'തിരിമാലി'

മലയാളിയെ ഇപ്പോഴും ചിരിപ്പിച്ചുകൊണ്ടിരിക്കുന്ന ചിത്രമാണ് മോഹൻലാൽ ജഗതി കോംബോയുടെ 'യോദ്ധാ'. കേരളവും നേപ്പാളും പശ്ചാത്തലമായ ചിത്രം മുപ്പതുവർഷമെത്തുമ്പോൾ സമാനതകളുമായി ഒരു മലയാള സിനിമ റിലീസിനൊരുങ്ങുന്നു.

തിരിമാലി എന്ന സിനിമയിൽ ബിബിൻ ജോർജ്, ധർമ്മജൻ, ജോണി ആന്റണി എന്നിവരാണ് പ്രധാനവേഷങ്ങളിൽ. നേപ്പാളി സിനിമയിലെ പ്രമുഖ താരങ്ങളും അണിനിരക്കുന്ന സിനിമ റാഫിയുടെ ശിഷ്യനായ രാജീവ് ഷെട്ടിയാണ് സംവിധാനം ചെയ്യുന്നത്. ശിക്കാരി ശംഭുവിനുശേഷം എസ് കെ ലോറൻസ് ആണ് തിരിമാലി നിർമിക്കുന്നത്.

ബേബി എന്ന ലോട്ടറി കച്ചവടക്കാരന്റെ വേഷത്തിലാണ് ബിബിൻ ജോർജ് ചിത്രത്തിൽ. കൂട്ടുകാരനായി ധർമ്മജൻ. നാട്ടിലെ പലിശക്കാരൻ അലക്സാണ്ടറായി ജോണി ആന്റ നാട്ടിലും നേപ്പാളിലും ചിരിയുടെ പശ്ചാത്തലത്തിലാണ് തിരിമാലി കഥ പറയുന്നതെന്ന് തിരക്കഥാകൃത്ത് സേവ്യർ അലക്സ്. നായകൻറെ അച്ഛൻ വേഷത്തിലൂടെ ഇന്നസെന്റിൻറെ ശക്തമായ തിരിച്ചു വരവു കൂടിയാകും തിരമാലി. സലിംകുമാറും ഹരീഷ് കാണാരനും സുപ്രധാന വേഷങ്ങളിലുണ്ട്.

# റിമിക്ക് ഇത്രയും പ്രായമോ ?



യഥാർഥ പ്രായം വെളിപ്പെടുത്തി ഗായികയും അവതാരകയും അഭിനേത്രിയുമായ റിമി ടോമി. പ്രീഡിഗ്രി പഠനകാലത്ത് സംഗീതമത്സരത്തിൽ പങ്കെടുത്തതിന്റെ പത്രവാർത്തയുടെ ചിത്രം പങ്കിട്ടുകൊണ്ടുള്ള കുറിപ്പിലാണ് റിമി ടോമി തന്റെ ജനനത്തിയതി എഴുതിച്ചേർത്തത്.

'പ്രായം ഒരുപാട് കണക്കു കൂട്ടേണ്ട' എന്നു കുറിച്ചുകൊണ്ടാണ് റിമി പ്രായം വെളിപ്പെടുത്തിയത്. 1983 സെപ്റ്റംബർ 22നാണ് റിമി ടോമി ജനിച്ചത്. 1999ൽ പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. ആ കാലയളവിൽ പാലാ അൽഫോൻസ കോളജിലെ ഗായകസംഘത്തിനൊപ്പം നിൽക്കുന്നതിന്റെ ചിത്രമാണ് റിമി ടോമി ഇപ്പോൾ പങ്കുവച്ചിരിക്കുന്നത്.

റിമിക്ക് 38 വയസ്സ് ഉണ്ടെന്നറിഞ്ഞ് അമ്പരന്നിരിക്കുകയാണ് ആരാധകർ. 'അയ്യോ റിമിക്ക് ഇത്രയും പ്രായമോ' എന്നാണ് ചിലരുടെ ചോദ്യം. കാഴ്ചയിൽ റിമി ഇപ്പോഴും ഇരുപതുകാരിയാണെന്നും ചർമം കണ്ടാൽ പ്രായം തോന്നില്ലെന്നും ആരാധകർ കുറിച്ചു. മുൻപും റിമി ടോമിയുടെ പ്രായം സംബന്ധിച്ച് ചർച്ചകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും റിമി ചെറുപ്പമായിരിക്കുന്നതിന്റെ രഹസ്യമാണു പലർക്കും അറിയേണ്ടത്.

ഗായിക ശരീരഭാരം കുറച്ചതെങ്ങനെയെന്നും ആരാധകരിൽ ചിലർ അന്വേഷിച്ചു. ആഹാരപ്രിയ ആയിരുന്ന റിമി ഇഷ്ടവിഭവങ്ങളൊക്കെ ഒഴിവാക്കിയാണ് ഭാരം കുറച്ചത്. ഭാരം കുറഞ്ഞതോടെ സന്തോഷവും സംതൃപ്തിയും വർധിച്ചുവെന്നും ഏതു വസ്ത്രവും ധരിക്കാമെന്ന ആത്മവിശ്വാസമുണ്ടായി എന്നും റിമി മുൻപ് അഭിമുഖങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.



# ഹിന്ദിയിൽ അരങ്ങേറാൻ അമലപോൾ

അമല പോൾ പ്രധാന വേഷത്തിലെത്തുന്ന ഹിന്ദി വെബ് സീരിസ് 'ര!ഞ്ജിഷ് ഹി സഹി' ട്രെയിലർ റിലീസ് ചെയ്തു. 70 കളിലെ ബോളിവുഡ് പശ്ചാത്തലമായെത്തുന്ന സീരീസിൽ സിനിമാ താരത്തിന്റെ വേഷത്തിലാണ് അമല എത്തുന്നത്.

ജീവിതത്തിൽ പരാജിതനായ സിനിമാ സംവിധായകന്റെയും സൂപ്പർനായികയുടെയും പ്രണയമാണ് സീരീസിന്റെ പ്രമേയം. അമലയുടെ ആദ്യ ഹിന്ദി പ്രോജക്ട് ആണിത്.


സാക്ഷി ഭട്ട് ആണ് നിർമാണം. വൂട്ട് സെലക്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ജനുവരി 13 മുതൽ സീരിസ് സംപ്രേക്ഷണം ചെയ്ത് തുടങ്ങും. താഹിർ രാജ്, അമൃത പുരി എന്നിവരാണ് മറ്റ് അഭിനേതാക്കൾ. പുഷ്പദീപ് ഭരദ്വാജ് ആണ് സീരീസിന്റെ രചനയും സംവിധാനവും.

# ദുൽഖറിൻെറ സല്യൂട്ട് ജനുവരി 14ന്

ദുൽഖർ സൽമാൻ നായകനാകുന്ന പുതിയ ചിത്രം 'സല്യൂട്ട്' ജനുവരി 14ന് തീയറ്ററുകളിലെത്തും.

റോഷൻ ആൻഡ്രൂസ് ബോബി സഞ്ജയ് കൂട്ടുകെട്ടിലെ ആദ്യ ദുൽഖർ ചിത്രമാണിത്. മുംബൈ പോലീസിന് ശേഷം റോഷൻ ആൻഡ്രൂസ് ഒരുക്കുന്ന പോലീസ് മൂവി കൂടിയാണ് സല്യൂട്ട്. വേഫറെർ ഫിലിംസിൻറെ ബാനറിൽ ദുൽഖർ സൽമാൻ നിർമ്മിക്കുന്ന അഞ്ചാമത്തെ ചിത്രം കൂടിയാണിത്. ബോളിവുഡ് താരവും മോഡലുമായ ഡയാന പെൻറി നായികയാകുന്ന ചിത്രത്തിൽ മനോജ് കെ ജയൻ, അലൻസിയർ, ബിനു പപ്പു, വിജയകുമാർ, ലക്ഷ്മി ഗോപാലസ്വാമി, സാനിയ അയ്യപ്പൻ തുടങ്ങിയവർ മറ്റു പ്രധാന വേഷങ്ങളിൽ എത്തുന്നു.

ജേക്സ് ബിജോയിയാണ് ചിത്രത്തിന് വേണ്ടി സംഗീതമൊരുക്കുന്നത്. ശ്രീകർ പ്രസാദ് ചിത്രസംയോജനവും അസ്!ലം പുരയിൽ ഛായാഗ്രഹണവും നിർവഹിക്കുന്നു.






# ആന്റണി സഹോദരൻമാർ ഒന്നിക്കുന്നു; ചാനൽ ഫൈവിന്റെ 'ഹെഡ്മാസ്റ്റ'റിൽ

അഭിനയ മികവുകൊണ്ടും അഭിനയിച്ച വ്യത്യസ്തമായ വേഷങ്ങൾ കൊണ്ടും ഏറെ ശ്രദ്ധ നേടിയവരാണ് ബാബു ആന്റണിയും സഹോദരൻ തമ്പി ആന്റണിയും. ചാനൽ ഫൈവ്ന്റെ ബാനറിൽ ശ്രീലാൽ ദേവരാജ് നിർമ്മിച്ച്, രാജീവ് നാഥ് സംവിധാനം ചെയുന്ന ഹെഡ്മാസ്റ്ററ്റിൽ ഇവർ രണ്ടുപേരും ഒന്നിച്ചഭിനയിക്കുന്നു.

പ്രമുഖ എഴുത്തുകാരനായ കാരൂറിന്റെ ഏറെ പ്രസിദ്ധമായ പൊതിച്ചോറ് എന്ന ചെറുകഥയുടെ ചലച്ചത്രാവിഷ്ക്കാരമാണ് ഹെഡ്മാസ്റ്റർ. അധ്യാപകരുടെ പൊള്ളുന്ന ജീവിതത്തിലെ നിമിഷങ്ങൾ, സ്വന്തം അനുഭവത്തിന്റെ ഉപ്പ് കൂടി ചേർത്ത് കാരൂർ വരച്ചിട്ട കഥയാണ് പൊതിച്ചോറ്.

വി.കെ വേണുവും രാജീവ് നാഥും ചേർന്ന് തിരക്കഥ രചിച്ചിരിക്കുന്ന ഹെഡ്മാസ്റ്ററിൽ, വിധിയോട് തോറ്റുപോയ പ്രധാന അധ്യാപകനായി തമ്പി ആന്റണിയും, അധ്യാപകന്റെ മകനായി ബാബു ആന്റണിയും അഭിനയിക്കുന്നു.

സഞ്ജു ശിവറാം, മഞ്ജു പിള്ള, ജഗദീഷ്, സുധീർ കരമന, കഴക്കൂട്ടം പ്രേകുമാർ, സേതുലക്ഷ്മി,എന്നിവരാണ് ചിത്രത്തിലെ മറ്റു താരങ്ങൾ. ഗാന രചന പ്രഭാ വർമ്മ, സംഗീതം കാവാലം ശ്രീകുമാർ, ഗാനങ്ങൾ ജയചന്ദ്രൻ, നിത്യ



മാമ്മൻ, എഡിറ്റിംഗ് ബീന പോൾ, ക്യാമറ പ്രവീൺ പണിക്കർ, വസ്ത്രാലങ്കാരം തമ്പി ആര്യനാട്, പ്രൊഡക്ഷൻ കൺട്രോളർ രാജീവ് കുടപ്പനകുന്ന്, മേക്കപ്പ് ബിനു കരുമം, പ്രൊഡക്ഷൻ എക്സികുട്ടീവ് രാജൻ മണക്കാട്.

ജനുവരി 14 നു ഹെഡ്മാസ്റ്ററുടെ ചിത്രീകരണം തിരുവനന്തപുരത്ത് ആരംഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.